# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.254 — 20.06.2013 ൽ മറുപടിക്ക്

## പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ നിന്ന് പിന്തിരിയൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ഡോ. കെ.ടി.ജലീൽ<br>ശ്രീ.ആർ. രാജേഷ്<br>ശ്രീമതി കെ.എസ്.സലീഖ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ നിന്ന് പിന്തിരിയാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; സർക്കാർ നയം വെളിപ്പെടുത്താമോ; | (എ) | പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ നിന്ന് പിന്തിരിയാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഈ മേഖയ്ക്കുള്ള എല്ലാ സഹായങ്ങളും പ്രോൽസാഹനങ്ങളും തുടർന്നും നൽകുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് പുതിയ സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത്തരം സ്കൂളുകൾക്ക് എൻ.ഒ.സി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇത് പാലിക്കപ്പെട്ടിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചു വരുന്നതും 31.07.2012 ന് മുമ്പായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമായ സ്കൂളുകളുടെ അപേക്ഷകളാണ് അംഗീകാരത്തിനായി ഇപ്പോൾ പരിഗണിച്ചു വരുന്നത്. 07.10.2011 ലെ ജി.ഒ.(എം.എസ്) 202/2011/പൊ.വി എന്ന ഉത്തരവിലും, 07.12.2012 ലെ ജി.ഒ.(എം.എസ്)384/ 2012/പൊ.വി. എന്ന ഉത്തരവിലുമാണ് എൻ.ഒ.സി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഉള്ളത്. ഇവ കർശനമായി പാലിക്കുന്ന സ്കൂളുകൾക്ക് മാത്രമേ എൻ.ഒ.സി നൽകുകയുള്ളൂ. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ എത്ര സി.ബി.എസ്.ഇ സ്കൂളുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; ഇപ്പോൾ അനുവദിച്ചതെത്ര; | (സി) | 06.06.2013 വരെ 441 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |

........2

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് നിരവധി പൊതു വിദ്യാലയങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സാഹചര്യത്തിൽ കൂടുതൽ സി.ബി.എസ്.ഇ സ്കൂളുകൾ അനുവദിക്കുന്നത് സർക്കാർ - എയിഡഡ് സ്കൂൾ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | (ഡി) & (ഇ) | പൊതു വിദ്യാഭ്യാസ മേഖലയിലെ ആരോഗ്യകരമായ മൽസരത്തിനും ഗുണമേന്മയ്ക്കും സഹായകമാകും എന്ന രീതിയിലാണ് സർക്കാർ ഇതിനെ വിലയിരുത്തുന്നത്.സർക്കാർ - എയിഡഡ് സ്കൂൾ മേഖലയ്ക്ക് ഭീഷണിയാകുന്ന തരത്തിൽ എൻ.ഒ.സി നൽകാറില്ല. |
| (ഇ) | ഈ സാഹചര്യത്തിൽ സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകാനുള്ള തീരുമാനം പുനഃപരിശോധിക്കാൻ തയ്യാറാകുമോ? | | |

സെക്ഷൻ ഓഫീസർ